# സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : ശ്രീമതി അദീല അബ്ദുള്ള ഐ.എ.എസ്, ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്)

വിഷയം : വനിതാ ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് ബെഡ് വാങ്ങുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: (1) തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടിന്റെ 13/08/2021-ലെ SHT/67/2021 നമ്പർ കത്ത്.

(2) തിരുവനന്തപുരം കയർ ബോർഡിന്റെ 11/08/2021-ലെ SR&SD-TVM/Mktg/2021-22 നമ്പർ ഇൻവോയിസ്.

## ഉത്തരവ് നമ്പർ ICPS 2/0939/2020 തീയതി : 24/09/2021

വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് 25 മെത്തകൾ വാങ്ങുന്നതിലേയ്ക്കായി തിരുവനന്തപുരം കയർ ബോർഡ് ഷോറൂം ആൻഡ് സെയിൽസ് ഡിപ്പോട്ട് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരം ഒരു ബെഡിന് 3,257/-രൂപ നിരക്കിൽ 25 മെത്തകൾക്ക് 81,425/-രൂപ അനുവദിക്കണമെന്ന് പരാമർശം ഒന്ന് പ്രകാരം സ്ഥാപന സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നു. തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| No | Item | Quantity | Rate | GST 18% | Amount |
|---|---|---|---|---|---|
| 1 | Rexin Bed 6 x 3 x 3 | 1 | 2760.20 | 496.84 | 3257.00 |
| Three thousand two hundred and fifty seven rupees only | | | | | |

ഐ.സ്.പി.എസ് ഗൈഡ്‌ലൈൻ പ്രകാരം ഒരു സാമ്പത്തിക വർഷം ജെ.ജെ സ്ഥാപനത്തിലെ കുട്ടികൾക്ക് ബെഡ്ഡിംഗ് ഇനത്തിൽ (Bedding including mattress, bed sheets, pillow, blanket, dari/mats, etc. @ Rs. 800 per child / year) 40,000/-രൂപ വരെ ചെലവഴിക്കുന്നതിന് അനുമതി ഉണ്ട്. 2020-21 സാമ്പത്തിക വർഷം ടി ആവശ്യത്തിനായി കേന്ദ്രസർക്കാർ അനുവദിച്ച തുക നടപ്പു സാമ്പത്തിക വർഷം ചെലവഴിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കുട്ടികളുടെ ബെഡ്ഡിംഗിനായി തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോമിന് തുക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2020-21 സാമ്പത്തിക വർഷത്തെ 40,000/-രൂപയും നടപ്പു സാമ്പത്തിക വർഷത്തെ 40,000/-രൂപയും ചേർത്ത് ആകെ 80,000/-രൂപ ടി ഇനത്തിൽ അനുവദിക്കാവുന്നതാണ്.

ടി സാഹചര്യത്തിൽ സൂപ്രണ്ടിന്റെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് 25 മെത്തകൾ വാങ്ങുന്നതിലേയ്ക്കായി തിരുവനന്തപുരം കയർ ബോർഡ് ഷോറൂം ആൻഡ് സെയിൽസ് ഡിപ്പോട്ട് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് പ്രകാരം ഒരു ബെഡിന് 3,257/-രൂപ നിരക്കിൽ 25 മെത്തകൾക്ക് 81,425/-രൂപയിൽ 1,425/-രൂപ കുറവ് ചെയ്ത് ബാക്കി തുകയായ 80,000/-രൂപ (എൺപതിനായിരം രൂപ മാത്രം) അനുവദിച്ചു ഉത്തരവാകുന്നു

ടി തുക (80,000/-രൂപ) നടപ്പു സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ് ശീർഷകമായ 2235-02-102-61-34-03 Other Items-ൽ നിന്നും തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് അലോട്ട്മെന്റ് ആയി നൽകേണ്ടതാണ്. തിരുവനന്തപുരം ജില്ലാ വനിതാ ശിശു വികസന ഓഫീസർ ടി തുക തിരുവനന്തപുരം പൂജപ്പുര ഗവ ചിൽഡ്രൻസ് ഹോം

PTO

(ബോയ്സ്) സൂപ്രണ്ടിന് അലോട്ട്മെൻറ് ആയി നൽകേണ്ടതാണ്. സൂപ്രണ്ട് ടി തുക ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കേറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ്, കൈപ്പറ്റ് രസീത് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ഡയറക്ടർ,

വനിതാ ശിശു വികസന വകുപ്പ്

ആൻഡ് മെമ്പർ സെക്രട്ടറി

(എസ്.സി.പി.എസ്)

ജില്ലാ വനിതാ ശിശു വികസന ഓഫീസർ

തിരുവനന്തപുരം

പകർപ്പ്

1. സൂപ്രണ്ട്
   ഗവ ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്
   പൂജപ്പുര, തിരുവനന്തപുരം
2. സൂപ്രണ്ട്, അലോട്ട്മെൻറ് സെക്ഷൻ
   (അലോട്ട്മെൻറ് നൽകുന്നതിനു വേണ്ടി)
3. ഐ.സി.പി.എസ് - 4
4. സ്റ്റോക്ക് ഫയൽ
5. സ്പെയർ കോപ്പി
6. വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

Remya

സൂപ്രണ്ട്

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
WOMEN & CHILD DEVELOPMENT DEPARTMENT